**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 833** **24-02-2022 - ൽ മറുപടിയ്ക്ക്**

**പഠനം ഉപേക്ഷിച്ച ആദിവാസി പിന്നാക്ക വിദ്യാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയുവാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കാമോ; ഇത്തരത്തിൽ കൊഴിഞ്ഞ്പോക്ക് കൂടുതലുള്ളത് ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കിന്റെ കാരണങ്ങൾ കണ്ടെത്തി അത് പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഗോത്രബന്ധു വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാ പ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു. സാമൂഹ്യപഠന മുറി, ഗോത്രബന്ധു പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗോത്രസാരഥി വിദൂര സ്ഥലങ്ങളിൽ നിന്നും കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനായി വാഹന സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. രക്ഷിതാക്കൾക്കുള്ളപ്രോത്സാഹന ധനസഹായം പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് ഓരോ അദ്ധ്യയന വർഷവും 75 % ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു. സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള നഴ്സറി സ്ക്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നു. പെരിപ്പറ്ററ്റിക് സെന്റർ, ഏകാദ്ധ്യാപകവിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്കും, പ്രീമെട്രിക് തലത്തിൽ ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസ് വരെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ |

| | | | |
|---|---|---|---|
| | | | പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്ക് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം അക്കാഡമിക്, കലാ കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കൂടുതൽ വയനാട് ജില്ലയിലാണ്. |
| (ബി) | ശാസ്ത്ര വിഷയങ്ങളോട് ആദിവാസി പിന്നാക്ക വിദ്യാർത്ഥികൾക്ക് വിമുഖതയുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ച് വരുന്നു. |
| (സി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികളെ നേരത്തെ വിവാഹം കഴിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ വിവാഹിതരാവുകയും പ്രസവിക്കുകയും ചെയ്യുന്നതു മൂലം അവരുടെ ആരോഗ്യവും, ജനിക്കുന്ന കുഞ്ഞുങ്ങളുടെ ആരോഗ്യവും സംരക്ഷിക്കപ്പെടാതെ അകാലമൃത്യുവിലേക്ക് നയിക്കപ്പെടുന്നത് സംബന്ധിച്ചും ആരോഗ്യമില്ലാത്ത ബാല്യങ്ങളെ സംബന്ധിച്ചും പട്ടികവർഗ സമൂഹത്തിനിടയിൽ അവബോധം സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. പട്ടികവർഗ സമുദായങ്ങൾക്കിടയിൽ ഗോത്രാചാരങ്ങളുടെ ഭാഗമായി മുൻകാലങ്ങളിൽ നടത്തിവരുന്ന നേരത്തേയുള്ള വിവാഹങ്ങൾ തടയുന്നതിന് തുടർച്ചയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും പട്ടികവർഗ വികസന വകുപ്പിലെ പ്രോജക്ട് ഓഫീസർമാർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പോക്സോ നിയമത്തിലെ വ്യവസ്ഥകളെ സംബന്ധിച്ചും ശൈശവ വിവാഹ നിരോധന നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ചും വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, സാമൂഹ്യ പഠനമുറികൾ എന്നിവിടങ്ങളിലൂടെ വ്യാപക പ്രചരണം നൽകുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. സംസ്ഥാനത്ത് ശൈശവ വിവാഹം തടയുന്നതിനായി 258 ശിശുവികസന പദ്ധതി ഓഫീസർമാരെയും ശൈശവ വിവാഹ നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. ശൈശവ വിവാഹം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ മുൻകൂട്ടി വനിതാ ശിശുവികസന വകുപ്പിനെ |

| | | | |
|---|---|---|---|
| | | | അറിയിക്കുന്ന വ്യക്തിക്ക് 2500/-രൂപ പാരിതോഷികം നൽകുന്ന 'പൊൻവാക്ക് പദ്ധതി' വനിതാ ശിശുവികസന വകുപ്പ് മുഖേന നടപ്പാക്കുന്നു. കൂടാതെ ശൈശവ വിവാഹം തടയുന്നതിനായി നിരവധി ബോധവത്കരണ പരിപാടികളും പത്ര ദൃശ്യ ശ്രാവ്യ സാമൂഹിക മാദ്ധ്യമങ്ങൾ മുഖേന നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ